**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3078** 07/11/2019 ലെ മറുപടി

**സർട്ടിഫിക്കറ്റുകളിലെ അക്ഷരത്തെറ്റുകൾ തിരുത്തി നൽകുന്നത് സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാഭവനിൽ നിന്നും വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ അക്ഷരത്തെറ്റുകൾ കടന്നുകൂടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേക്ക് നൽകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾക്കൊളളിച്ച് കൊണ്ടാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. |
| (ബി) ഇത് പരിഹരിക്കുന്നതിന് വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ട് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സർട്ടിഫിക്കറ്റിലെ ഓരോ വിഭാഗം തിരുത്തലിനും നിഷ്കർഷിച്ചിരിക്കുന്ന രേഖ മാത്രമേ ആവശ്യപ്പെടാറുളളൂ. പ്രസ്തുത രേഖ ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അപേക്ഷകന്റേതല്ലാത്ത ഇത്തരം പിഴവുകൾ ഏതെങ്കിലും ഒരു അംഗീകൃത തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങളുടെ പ്രിന്റ് മുൻകൂട്ടി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകി കൃത്യത ഉറപ്പാക്കി പ്രധാനാദ്ധ്യാപകൻ വെരിഫൈ ചെയ്താണ് വിവരങ്ങൾ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ